## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1951 | 12/2/2013 ൽ മറുപടിക്ക്

### ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സിയിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയതു പ്രകാരം ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ; | (എ) ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ പ്രകാരം ഉദ്യോഗാർത്ഥികൾ ഒരു തവണ മാത്രം രജിസ്റ്റർ ചെയ്താൽ മതിയാകും. തുടർന്ന് നേടുന്ന യോഗ്യതകളും മാറ്റങ്ങളും പ്രൊഫൈലിലൂടെ സ്വയം രേഖപ്പെടുത്താവുന്നതാണ്. വിജ്ഞാപനങ്ങൾക്ക് അർഹത അനുസരിച്ച് പ്രൊഫൈലിലൂടെ അപേക്ഷിക്കാം. സമർപ്പിച്ച അപേക്ഷകളുടെ നിയമന പ്രക്രിയ യുടെ വിവിധ ഘട്ടങ്ങൾ വെബ്സൈറ്റിലൂടെ അറിയാനുള്ള സംവിധാനവും ഉണ്ടാകും. നിയമന നടപടികൾ ത്വരിതപ്പെടുത്തുക എന്നതാണ് ഈ പ്രക്രിയയിലൂടെ പി.എസ്.സി. ഉദ്ദേശിക്കുന്നത്. |
| (ബി) എല്ലാ വിജ്ഞാപനങ്ങളും ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുമോ; | (ബി) നിലവിൽ എല്ലാ വിജ്ഞാപനങ്ങൾക്കും ഓൺലൈൻ മുഖാന്തിരമാണ് അപേക്ഷ സ്വീകരിക്കുന്നത്. |
| (സി) പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെ ഇടയിൽ വേണ്ടത്ര അവബോധം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) പി.എസ്.സി.യുടെ വെബ്സൈറ്റ്, ബുള്ളറ്റിൻ, പത്രമാധ്യമങ്ങൾ ഇവ മുഖേന പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് വേണ്ടത്ര അവബോധം നല്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദിവാസി, പട്ടികജാതി മേഖലയിൽപ്പെട്ട യുവതീ യുവാക്കൾക്ക് പുതിയ സംവിധാനങ്ങളെക്കുറിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശം നല്കുന്നതിനു വേണ്ടി യൂത്ത് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തന പദ്ധതിയിൽ എസ്.സി./എസ്.ടി/പിന്നോക്ക മേഖലയിൽപ്പെട്ട യുവതീ യുവാക്കൾക്കു വേണ്ടിയുള്ള പ്രത്യേക പി.എസ്.സി. ബോധവൽക്കരണ പരിപാടി ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ